പതിമൂന്നാം കേരള നിയമസഭ

എഴാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത

നിയമസഭാ ചോദ്യം നമ്പർ : 325

04.02.2013-ൽ മറുപടിക്ക്.

# പോലീസ് സേനയുടെ ആധുനിക വൽക്കരണം

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീ. പി. കെ. ബഷീർ | | ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ (ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി) |
| (എ) സംസ്ഥാനത്തെ പോലീസ് സേനയെ ആധുനിക-വൽക്കരിക്കുന്നതിന്, എന്തെല്ലാം പദ്ധതികളാണ് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത്; വിശദമാക്കുമോ; | : (എ) | പോലീസ് ആധുനികവൽക്കരണത്തിനായി 2012-13 വർഷത്തെ ആനുവൽ ആക്ഷൻ പ്ലാനിന് നാളിതുവരെ കേന്ദ്ര സർക്കാർ അംഗീകാരം നൽകിയിട്ടില്ല.<br><br>നോൺ പ്ലാൻ ഇനത്തിൽ കേന്ദ്രവിഹിതമായി 30.82 കോടി രൂപയും, സംസ്ഥാന വിഹിതമായി 19.66 കോടി രൂപയും പ്ലാൻ ഇനത്തിൽ കേന്ദ്ര വിഹിതമായി 24.51 കോടി രൂപയും സംസ്ഥാന വിഹിതമായി 16.26 കോടി രൂപയും ഉൾപ്പെടെ 91.25 കോടി രൂപയുടെ ഒരു വിശദമായ പ്രൊപ്പോസൽ കേന്ദ്രസർക്കാരിന് സമർപ്പിച്ചിട്ടുണ്ട്. പ്രസ്തുത സ്കീമിൽ, എം.പി.5 ഗണ്ണുകൾ, സ്നിഫർ റൈഫിളുകൾ തുടങ്ങിയവ, ഡിജിറ്റൽ മൊബൈൽ റേഡിയോ രീതി ഉൾപ്പെടെയുള്ള ആധുനിക കമ്മ്യൂണിക്കേഷൻ ഉപകരണങ്ങൾ, ആയുധ പരിശീലന സിമുലേറ്ററുകൾ ഉൾപ്പെടെയുള്ള ട്രെയിനിംഗ് ഉപകരണങ്ങൾ, എക്സ്പ്ലോസീവ് ഡിറ്റക്ഷൻ ഉപകരണങ്ങൾ, മൊബൈൽ ഇൻവെസ്റ്റിഗേഷൻ അസിസ്റ്റൻസ് പ്ലാറ്റ്ഫോമുകൾ, സെക്യൂരിറ്റി ക്യാമറകൾ, മൊബൈൽ കമാൻഡ് ആന്റ് കൺട്രോൾ യൂണിറ്റ് തുടങ്ങി ആധുനിക ഉപകരണങ്ങൾ, ട്രാഫിക് കൺട്രോൾ ഉപകരണങ്ങൾ, പോലീസ് സ്റ്റേഷനുകൾക്കാവശ്യമായ വാഹനങ്ങൾ, മോട്ടോർ സൈക്കിളുകൾ, ഫോറൻസിക് ലാബ് ഉപകരണങ്ങൾ, വിവിധ കെട്ടിട നിർമ്മാണ പ്രവർത്തനങ്ങൾ എന്നിവ ഇതിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.<br><br>പോലീസ് വകുപ്പിലെ അഡ്മിനിസ്ട്രേഷൻ വിംഗുകൾ പൂർണ്ണമായും കമ്പ്യൂട്ടർവൽക്കരിച്ച് കഴിഞ്ഞു. ഇതിനായി ഇന്റേണൽ അഡ്മിനിസ്ട്രേറ്റീവ് പ്രോസസ്സിംഗ് സിസ്റ്റം (IAPS) 01.09.2012 മുതൽ നടപ്പിൽ വരുത്തിക്കഴിഞ്ഞു. ഇതിലൂടെ ഓൺലൈൻ സംവിധാനം പ്രയോജനപ്പെടുത്തി ഫയലിൽ നടപടി സ്വീകരിക്കുവാൻ കഴിയും. |

(മറുപുറം)

ജില്ലാ പോലീസ് സ്റ്റേഷനുകളിലും ഇൻഫർമേഷൻ കമ്മ്യൂണിക്കേഷൻ ടെക്നോളജി (ICT) എനേബിൾഡ് ഹെൽപ്പ് ഡെസ്ക്കുകൾ ആരംഭിച്ചു. ഇതിലൂടെ കേരളത്തിലെ ഏതൊരു പോലീസ് സ്റ്റേഷനുകളിലേയ്ക്കുമുള്ള പരാതികൾ ഓരോ പോലീസ് സ്റ്റേഷനുകളിൽ നിന്നും അയയ്ക്കാവുന്നതാണ്.

പോലീസ് സംബന്ധമായ വിവരങ്ങളും ഫയൽ നടപടിക്രമങ്ങളും ടച്ച് സ്ക്രീൻ കയോസ്കുകളിലൂടെ അറിയാൻ കഴിയുന്ന സംവിധാനം നടപ്പിൽ വന്നു കഴിഞ്ഞു.

അഞ്ച് സിറ്റികളിലും മറ്റ് ചില ജില്ലകളിലും ഇലക്ട്രോണിക് ബീറ്റ് സിസ്റ്റം നടപ്പിൽ വരുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

തിരുവനന്തപുരം ജില്ലയിൽ സ്വിഫ്റ്റ് ആക്ഷൻ ടീം രൂപീകരിക്കുന്നതിന് നടപടി സ്വീകരിച്ചുവരുന്നു. കോട്ടയം ജില്ലയിലെ ലോഗോസ് ജംഗ്ഷനിലും, കൊച്ചി സിറ്റിയിലെ വൈറ്റിലയിലും അഡ്വാൻസ്ഡ് ട്രാഫിക് റെഗുലേറ്ററി സെന്ററുകൾ സ്ഥാപിക്കുന്നതിന് നടപടികൾ സ്വീകരിച്ചുവരുന്നു.

പോലീസ് സ്റ്റേഷനുകളെ കമ്പ്യൂട്ടർവൽക്കരിക്കുന്നതിന്റെ ഭാഗമായി സി.സി.റ്റി.എൻ.എസ്.(ക്രൈം ക്രിമിനൽ ട്രാക്കിംഗ് ആന്റ് നെറ്റ് വർക്ക് സിസ്റ്റം) നടപ്പിലാക്കിയിട്ടുണ്ട്.

(ബി) പോലിസിനെ ജനകീയമാക്കുന്നതിനും, ജനങ്ങൾക്ക് പോലീസിലുള്ള വിശ്വാസ്യത വർദ്ധിപ്പിക്കുന്നതിനും എന്തെല്ലാം നടപടികളാണ് സ്വീകരിക്കുന്നത്?

: (ബി) പോലീസിനെ ജനകീയമാക്കുന്നതിനും ജനങ്ങൾക്ക് പോലീസിലുള്ള വിശ്വാസ്യത വർദ്ധിപ്പിക്കുന്നതിനുമായി രൂപം നൽകിയ ജനമൈത്രീ സുരക്ഷാ പദ്ധതി അഥവാ കമ്മ്യൂണിറ്റി പോലീസിംഗ് ആദ്യ മൂന്നുഘട്ടങ്ങളിലായി 148 സ്റ്റേഷനുകളിലാണ് ആരംഭിച്ചത്. നാലാംഘട്ടത്തിൽ ഇത്, 50 ട്രൈബൽ പോലീസ് സ്റ്റേഷനുകളുൾപ്പെടെ, 100 പോലീസ് സ്റ്റേഷനുകളിൽ കൂടി വ്യാപിപ്പിച്ചിട്ടുണ്ട്. ആകെ 248 പോലീസ് സ്റ്റേഷനുകളിലാണ് ഇപ്പോൾ ഈ പദ്ധതി നടപ്പിൽ വരുത്തിയിട്ടുള്ളത്. ബീറ്റ് സംവിധാനം കുറച്ചുകൂടി ഊർജ്ജിതമാക്കുന്നതിനും അത് പരിശോധിക്കുന്നതിന് ഇലക്ട്രോണിക് സംവിധാനം നടപ്പിൽവരുത്തുന്നതിനും നടപടി സ്വീകരിച്ചിട്ടുണ്ട്.

സെക്ഷൻ ഓഫീസർ